**മഞ്ചേരി പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 650/2004-ന്റെ അന്വേഷണം**

163 [3130] *ശ്രീ. ടി. പി. എം. സാഹിർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി പോലീസ് സ്റ്റേഷനിൽ ക്രൈം നം. 650/2004 പ്രകാരം രജിസ്റ്റർ ചെയ്ത കേസ് ഇപ്പോൾ അന്വേഷണം നടത്തുന്നുണ്ടോ;

(ബി) ഈ കേസിലെ പ്രതികൾ ആരെല്ലാമാണ്;

(സി) പ്രതികളെയെല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കാമോ?

*ഉത്തരം*

(എ) ഉണ്ട്.

(ബി) പ്രതികളെക്കുറിച്ച് ഇതുവരെ അറിവ് ലഭിച്ചിട്ടില്ല.

(സി) ഇല്ല. കേസിന്റെ ഇതുവരെയുള്ള അന്വേഷണത്തിൽനിന്നും പ്രതികളെക്കുറിച്ച് യാതൊരു വിവരവും ലഭിച്ചിട്ടില്ലാത്തതിനാൽ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല.

**പോലീസ് സേനയിൽ സ്പോർട്സ് ക്വാട്ട നിയമനത്തിനുള്ള വ്യവസ്ഥകൾ**

164 [3131] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 18-1-1984-ലെ ആഭ്യന്തര വകുപ്പിന്റെ ജി. ഒ. (പി) നമ്പർ 6/84/ഹോം ഉത്തരവുപ്രകാരമുള്ള സ്പെഷ്യൽ റൂൾസ് അനുസരിച്ച് പോലീസ് സേനയിൽ ഏതെല്ലാം വിഭാഗത്തിലേക്ക് സ്പോർട്സ് ക്വാട്ടാ നിയമനം നടത്താമെന്നു വ്യക്തമാക്കുമോ;

(ബി) ഈ സ്പെഷ്യൽ റൂൾസ് പ്രകാരമല്ലാതെ ഏതെങ്കിലും വിഭാഗത്തിലേക്ക് സ്പോർട്സ് ക്വാട്ടാ നിയമനം നൽകുവാൻ നിലവിലുള്ള നിയമങ്ങളോ ചട്ടങ്ങളോ അനുശാസിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; അതു സംബന്ധിച്ചുള്ള ഉത്തരവും ലഭ്യമാക്കുമോ;

(സി) ഇത്തരത്തിൽ സ്പോർട്സ് ക്വാട്ടയിൽ നിയമനം നൽകുന്നവർക്ക് ആംഡ് പോലീസ് ബറ്റാലിയനിലല്ലാതെ നിയമനം നൽകുവാൻ നിലവിൽ വ്യവസ്ഥയുണ്ടോ എന്നും ഇത്തരത്തിൽ ആർക്കെങ്കിലും നിയമനം നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇങ്ങനെ നിയമനം ലഭിച്ചിട്ടുള്ളവർ പോലീസ് ട്രെയിനിംഗ് കോളേജിൽനിന്നും പരിശീലനം നേടിയവരും ഒബ്ലിഗേറ്ററി ടെസ്റ്റുകൾ പാസ്സായവരും പ്രാക്ടിക്കൽ ട്രെയിനിംഗ് പൂർത്തിയാക്കിയവരും ആണോയെന്ന് വ്യക്തമാക്കുമോ?

*ഉത്തരം*

(എ) ആംഡ് പോലീസ് ബറ്റാലിയൻ വിഭാഗത്തിൽ.

(ബി) ജനറൽ കാറ്റഗറിയിൽ സർക്കാരിന് സർവ്വീസ് നിയമങ്ങൾക്കനുസരണമായി നിയമനം നടത്താവുന്നതാണ്.

(സി) സർക്കാർ തീരുമാനമനുസരിച്ച് മിനിസ്റ്റീരിയൽ ജീവനക്കാരായി നിയമനം നൽകിയിട്ടുണ്ട്.

(ഡി) (സി)-യുടെ ചോദ്യത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

**വിദേശികൾ സംസ്ഥാനത്തെത്തി വിധ്വംസക പ്രവർത്തനങ്ങൾ നടത്താതിരിക്കുവാൻ കരുതൽ നടപടി**

165 [3132] *ശ്രീ. കെ. സുധാകരൻ:*
„ *ലൂഡി ലൂയിസ്:*
„ *എം. മുരളി:*

*പ്രൊഫ. എ. ഡി. മുസ്തഫ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്ന് അൽഖയ്ദാ ബന്ധമുള്ള വിദേശികളെ അറസ്റ്റു ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ അവർ സംസ്ഥാനത്ത് എത്തിയതെന്നാണ്;

(സി) അവർ സംസ്ഥാനത്ത് എവിടെയെല്ലാം താമസിച്ചു;

(ഡി) ആരോടെല്ലാം അവർ ബന്ധപ്പെടുകയുണ്ടായി എന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇത്തരത്തിലുള്ള വിദേശികൾ സംസ്ഥാനത്തെത്തി വിധ്വംസക പ്രവർത്തനങ്ങൾ നടത്താതിരിക്കുവാൻ എന്തെല്ലാം മുൻകരുതലെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

*ഉത്തരം*

(എ) ഇല്ല.

(ബി) — (ഡി) മുകളിൽ (എ) യിലെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly